എന്റെ വിദ്യാലയം എന്റെ അഭിമാനം

100
ശതാബ്ദിയുടെ സുവർണ്ണ ശോഭയിൽ

# ശ്രീ വിഠോബ ഹൈസ്കൂൾ
## കായംകുളം

ഒന്നിച്ച് ഒന്നായ് ഒന്നാവാം

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ആമുഖം

കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗം ഒരു വീണ്ടെടുപ്പിന്റെ ആവേശത്തിലും മാറ്റത്തിന്റെ പാതയിലുമാണ്. പ്രതീക്ഷ പകരുന്നതാണ് എല്ലാ പൊതുവിദ്യാലയങ്ങളിലേയും പ്രവർത്തനം. ബാഹ്യ രൂപത്തിൽ മാത്രമല്ല എല്ലാ രംഗത്തുമുള്ള ഗുണകരമായ മാറ്റമുണ്ടായാൽ മാത്രമേ സമഗ്രമായ വിദ്യാഭ്യാസ മികവ് കൈവരിച്ചുവെന്ന് കരുതാൻ പറ്റൂകയുള്ളു. അതിനുള്ള പരിശ്രമമെന്ന നിലയിലാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കാണേണ്ടത്.

ഗ്രാമ-നഗര വ്യത്യാസമില്ലാതെ കേരളം കരസ്ഥമാക്കിയ നേട്ടങ്ങൾക്കു പിന്നിൽ നമ്മുടെ നാടാകെ പടർന്നു കിടക്കുന്ന പൊതു വിദ്യാലയങ്ങളുടെ പങ്ക് അഭിമാനകരവും അനിഷേധ്യകരവുമാണ്. കായംകുളം, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ, പത്തിയൂർ, ചെട്ടികുളങ്ങര എന്നീ പ്രദേശങ്ങളുടെ സാമൂഹ്യ-സാംസ്കാരിക വളർച്ചയിൽ കായംകുളം ശ്രീ വിഠോബ ഹൈസ്കുൾ വഹിച്ച പങ്ക് നാടിന്റെ ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങൾ അടക്കം ഉള്ള തലമുറകൾക്ക് മാർഗ്ഗദീപമേകി ജീവിതവഴിത്താരയിൽ ഓണാട്ടുകരയിലെ ദീപ്തസ്തംഭമായി മാറിയ ഈ നഗരമാധ്യത്തിലെ വിദ്യാലയം തൊണ്ണൂറ്റിയൊൻപത് വർഷം പിന്നിട്ടിരിക്കുന്നു.

പൊതുവിദ്യാഭ്യാസ രംഗത്തിനു നേരിട്ട പ്രതിസന്ധികൾ നമ്മുടെ നാടിന് അപരിഹാര്യമായ നഷ്ടങ്ങളും ദോഷങ്ങളുമാണ് വരുത്തിവെച്ചത്. മണ്ണും മരവും മാതൃഭാഷയും സ്വന്തം സംസ്കാരവും മറന്നുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ നാമനുഭവിക്കുന്ന ദുരിതത്തിൽ നിന്നും കേരളമൊന്നാകെ മാറി ചിന്തിക്കുന്ന കാഴ്ച്ചയാണ് ഇന്നു നാം കാണുന്നത്. സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും അധ്യാപക-രക്ഷാകർതൃ സമൂഹങ്ങളും പൂർവ്വ വിദ്യാർത്ഥികളും മാധ്യമങ്ങളും പൊതുജനങ്ങളുമാകെ ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ വർത്തമാന കാലഘട്ടവും ഭാവിയും ശോഭനകരമായിരിക്കും. പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തണമെന്ന താല്പര്യം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ പൊതുവിദ്യാലയങ്ങൾ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളിലുമുള്ള ഗുണമേന്മ ഉയർത്തുന്നതിനുള്ള പ്രയത്നങ്ങളിലാണിന്ന്. സ്വയം തയ്യാറാക്കുന്ന ഒരു സമഗ്ര വികസന പ്രൊജക്ടിന്റെ അടിസ്ഥാനത്തിലാണ് ഓരോ വിദ്യാലയത്തിലും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നിർവ്വഹിക്കപ്പെടുന്നത്. കായംകുളം ശ്രീ വിഠോബ സ്കൂളിന്റെ സമഗ്ര ഗുണമേന്മാ വികസന പദ്ധതിയുടെ ഭാഗമായി തയാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്.

# സ്കൂൾ വിവരങ്ങൾ



| | |
|---|---|
| റവന്യൂ ജില്ല | : ആലപ്പുഴ |
| സ്കൂൾ കോഡ് | : 36048 |
| സ്കൂളിന്റെ പേര് | : ശ്രീ വിഠോബ ഹൈസ്കൂൾ , കായംകുളം |
| മേൽ വിലാസം | : എസ് വി എച് എസ് കായംകുളം |
| പിൻ കോഡ് | : 690502 |
| ഹെഡ് മിസ്ട്രസ് | : ആർ ശോഭകുമാരി |
| ഫോൺ നമ്പർ | : 99474 59745 |
| ഇമെയിൽ അഡ്രെസ്സ് | : www.svhskayamkulam@gmail.com |
| ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി | : കായംകുളം മുനിസിപ്പാലിറ്റി |
| സബ് ജില്ലാ | : കായംകുളം |
| വിദ്യാഭ്യാസ ജില്ലാ | : മാവേലിക്കര |
| ക്ലാസുകൾ | : 5 മുതൽ 10 വരെ |
| മാനേജ്മെന്റ് | : ശ്രീ വിഠള ദേവസ്വം |
| പഠന മാധ്യമം | : ഇംഗ്ലീഷ് , മലയാളം |

# ആമുഖം




കായംകുളം നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ശ്രീ വിഠോബാ ഹൈസ്കൂൾ കായംകുളം . 1926-ൽ സ്ഥാപിച്ച ഈ വിദ്യാലയം ആലപ്പുഴ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി കരാട്ടേ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനു സരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരു ത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പര്ഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴി യുന്നു. കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാ ഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.
സ്കൂൾ രൂപംകൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കുടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം.

# ശ്രീ വിഠോബാ ഹൈസ്കൂൾ - ചരിത്രം

കൊങ്കിണി ഭാഷ ന്യൂനപക്ഷമായ ഗൗഢ സരസ്വത ബ്രാഹ്മണ സമുദായത്തിന്റെ ഉടമസ്ഥതയിൽ ശ്രീ വിഠള ദേവസ്വവം ട്രസ്റ്റിന്റെ മേൽ നോട്ടത്തിൽ എ ഡി 1926ൽ (എം ഇ 04/10/10) സ്ഥാപിതമായ സ്കൂളാണ് ശ്രീ വിഠോബ സ്കൂൾ . ജാതി മത ചിന്തകളും ഉച്ച നീചത്വങ്ങളും സമൂഹത്തിൽ നിലനിന്നിരുന്ന കാല ഘട്ടത്തിൽ ജി.എസ്.ബി സമുദായത്തിന്റെ ഉടമസ്ഥതയിലാരംഭിച്ച പ്രസ്തുത സ്കൂളിൽ എല്ലാ ജാതി മതസ്ഥർക്കും പ്രവേശനം നൽകിയിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെയുള്ള ഭാരതിയരുടെ സ്വാതന്ത്രസമരം കൊടുംപിരികോള്ളുന്ന കാലം. ഗാന്ധിജിയുടെ സമരാഹ്വനങ്ങളും ഉദ്ബോധനകളും പൂർണ്ണമായും ഉൾക്കൊള്ളുന്ന ഭാരതിയ ജനത, ഇക്കാലത്ത് വിദ്യാസന്പന്നരും ക്രന്തദർശ്ശികളുമായ ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് അവരുടെതായ ദേവസ്വം വക ഒരു സ്കൾ ഉണ്ടാക്കണമെന്നുള്ള ആശയം ഉദിക്കുകയും പ്രമുഖരായ വ്യക്തികളുടെ പരിശ്രമഫലമായി 1926 (എം. ഇ. 04-10-1101) ൽ ശ്രീ വിഠോബാ സ്കൾ സ്ഥാപിച്ചു.കാലത്തിനും സമയത്തിനും മാറ്റിമറക്കാനാവാത്ത ചരിത്രമുറങ്ങുന്ന കായംകുളത്തിന്റെ മണ്ണിൽ സംസ്കൃതിയുടെ ഉത്തമ ഉദാഹരണമായി തലയെടുപ്പോടെ നിൽക്കുന്ന ശ്രീ വിഠോബാ ഹൈ സ്കൂൾ ഇന്നും എന്നും ഒളിമങ്ങാതെ ഓർമ്മകൾ സമ്മാനിക്കുന്ന ഒരു സരസ്വതി ക്ഷേത്രമായി ജനമനസുകളിൽ സ്ഥാനം പിടിച്ചു നിൽക്കുന്നു. ബ്രിട്ടീഷുകാർക്കെതിരായുള്ള ഭാരതീയരുടെ സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊണ്ടിരുന്ന കാലം. ഗാന്ധിജിയുടെ സമരാഹ്വാനങ്ങളും ഉദ്ബോധങ്ങളും പൂർണമായും ഉൾകൊള്ളുന്ന ഭാരതീയ ജനത. അക്കാലത്തു വിദ്യാസമ്പന്നരും ക്രാന്തദർശിയുമായിരുന്ന ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തിന് അവരുടേതായ ദേവസ്വവും അതിന്റെ വക ഒരു സ്കൂൾ ഉണ്ടാകണമെന്നുള്ള ആശയം ഉദിച്ചു. ആദരണീയനായ വക്കീൽ ശ്രീ. എൻ . കൃഷ്ണകമ്മത്ത് , ജഡ്ജി ശ്രീ നാരായണ റാവു , ശ്രീ ബാപ്പുറാവു , ശ്രീ എ രാമ പൈ എന്നിവരുടെ പരിശ്രമഫലമായി 1926 (എം.ഇ.4/10/1101)ൽ ശ്രീ വിഠോബാ ഹൈസ്കൂൾ സ്ഥാപിച്ചു. 4th ട്രാവൻകൂർ ജി എസ് ബി പരിഷത്തിന്റെ പ്രസിഡന്റും , എറണാകുളം മഹാരാജാസ് കോളേജിലെ രസതന്ത്രവിഭാഗം പ്രൊഫസറുമായ ശ്രീ ശ്രീനിവാസപൈ അവർകൾ സ്കൂളിന്റെ പ്രവർത്തനോത്ഘാടനം നിർവഹിച്ചു . 1952 ല് ഈ സ്ഥാപനം ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

# എസ്.വി.എച്ച്.എസ്സ്, കായംകുളം
# ഉന്നത മൂല്യങ്ങളുടേയും മികവിന്റേയും കേന്ദ്രം

ഉത്തമമായ വിദ്യാഭ്യാസം മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് നൽകുക. എന്നത് കുട്ടിയുടെ അവകാശമാണ്. അതുകൊണ്ടുതന്നെ കുട്ടികളുടെ ശാരീരികവും ആത്മീയപരവുമായ സമഗ്രമായ വിശ്വാസമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ മാത്രം ഒതുങ്ങാതെ സർഗ്ഗപരമായ അവന്റ എല്ലാ കഴിവുകളും കണ്ടെത്തി വികസിപ്പിക്കുകയും ആ വികാസത്തിൽ എത്രമാത്രം വിജയിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുമ്പോഴാണ് ഒരു വിദ്യാലയം മികച്ചതാകുന്നത്. അവിടെ കുട്ടിയുടെ പാഠ്യാനുബന്ധ കഴിവുകളും ഉയർത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നിർബന്ധമായും ഒരുക്കേണ്ടതുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടണം അന്താരാഷ്ട്ര നിലവാരമുള്ള പഠനോപകരണങ്ങളും, ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപക പരിശീലനങ്ങളും ആവശ്യമാണ്.

ശുചിത്വം, കാർഷിക പ്രവർത്തനം എന്നിവ ഒരു സംസ്കാരമായി വളരണം. മദ്യം, മയക്കുമരുന്ന് പ്ലാസ്റ്റിക്. കീടനാശിനി ഇവയ്ക്കെതിരേ ബോധവൽക്കരണം നടക്കണം. ധാരാളം പ്രോജക്ടുകളും മികച്ച ലാബുകളുടെ പ്രവർത്തനത്തിലൂടെ ധാരാളം പരീക്ഷണോത്സവങ്ങളും അതിലൂടെ കുട്ടി ശാസ്ത്രജ്ഞൻമാരും ഉണ്ടാകണം. സാമൂഹിക സാംസ്കാരിക പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാകണം. കാടറിവും. കടലറിവും, നാട്ടറിവും നടക്കണം. അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങളും മികച്ച കായിക പരിശീലനങ്ങളിലൂടെ ആരോഗ്യമുള്ള തലമുറയും ഉണ്ടാകണം. പാചക ഭക്ഷ്യ മോളകളിലൂടെ പോഷകമൂല്യമുള്ള ഭക്ഷണ രീതികൾ ശീലിക്കണം. ജീവിത നൈപുണികൾ വളർത്തണം. ജീവകരുണ്യം കടമയായി കരുതുന്ന തലമുറയുണ്ടാകണം. ഒന്നിനൊന്നു വ്യത്യസ്ഥങ്ങളായ അസംബ്ലികൾ വേണം പ്രധാനപ്പെട്ടദിനങ്ങൾ ആചരിക്കപ്പെടണം രചന, പ്രസംഗം, നിർമ്മാണം, അവതരണം തുടങ്ങിയ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കപ്പെടണം. കാരോ തലമുറയിലും അനുകരണീയ മാതൃകകൾ സൃഷ്ടിക്കപ്പെടണം. എങ്കിൽ മാത്രമേ ഒരു വിദ്യാലയ മികച്ചതാകൂ.

# അക്കാദമികം

## നേട്ടങ്ങൾ

കുറച്ചു വർഷങ്ങളായി SSLC പരീക്ഷക്ക് 100 ശതമാനം വിജയം നേടുന്ന സ്കൂളാണിത് . NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ ഇരുത്തി കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. ലിറ്റൽ കൈറ്റ്സ് , സ്കൗട്ട്, ഗൈഡ്, ജെ.ആർ. സി, ഇക്കോ കാസ്റ്റഡ്, തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു. ജില്ലാ-സംസ്ഥാനവിവിധ മേളകളിൽ ഈ സ്കൂളിലെ വിദ്യാർഥികൾ പങ്കെടുത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്

## പരിമിതികൾ

സ്കൂളിൽ നിലവിലുള്ള 20 ക്ലാസ്സ് മുറികളിൽ 15 എണ്ണം ഹൈടെക് നിലവാരത്തിലേക്കുയരണം. ടൈൽസ് പാകിയ ക്ലാസ്സ് മുറികളൊരുക്കുകയും നില വാരമുള്ള ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്.

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറി യിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേ ണ്ടതുണ്ട്. ഇതിനായി പുതിയ റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി. ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വിജയപഥത്തിലെത്തണം.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.
കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ശൗചാലയങ്ങളുടെ നില മെച്ചപ്പെടുത്തേ ണ്ടതുമുണ്ട്.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ (ഉപകരണ സംഗീതമുൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം.

ലിറ്റൽ കൈറ്റ്സ് , സ്കൗട്ട്, ഗൈഡ്, JRC തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂണിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം റൂം സൗകര്യം ഉണ്ടാവേണ്ടതുണ്ട്.

വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമുഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം  പഠനസമയം കൂടുതൽ നഷ്ട പ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ടാകാറുണ്ട്

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പ്രത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്
23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപേപ്പർ ശില്പശാല
28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| പ്രവർത്തനം 1 – ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ – ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് – ഓരോ കുട്ടിയും. | എല്ലാ ദിവസവും – തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

| ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത – രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ – (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ – 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

**ഉപമേഖല - മലയാളം**

**പ്രവർത്തനം 1 – ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക/ പിന്തുണ** |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>ഓരോ ക്ലാസിനും ഓരോ പത്രം.<br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്<br>”<br>മലയാളം അധ്യാപകർ | PTA<br>PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ)<br>കവിതാലാപന മത്സരം<br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന<br>സാഹിത്യക്കാരനുമായി സംവദിക്കൽ<br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | വർഷത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ ഒരിക്കൽ | SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം | PTA<br>PTA 15000/- Sponsorship<br>PTA |

## ഉപമേഖല : ഉറുദു

### പ്രവർത്തനം 1 – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉർദു ഭാഷയോട് താല്പര്യം ഉണ്ടാക്കുക | കഥകൾ കവിതകൾ സംഭാഷണങ്ങൾ അനുഭവക്കുറിപ്പുകൾ തുടങ്ങി പരിചയപ്പെടുന്ന രചനകളോടു പ്രതികരിക്കുക. | 1 വർഷം | ഉറുദു അദ്ധ്യാപിക | |
| സ്വതന്ത്രമായ സർഗാത്മക രചനകൾ നടത്തുക | കഥകൾ കവിതകൾ സംഭാഷണങ്ങൾ അനുഭവക്കുറിപ്പുകൾ തുടങ്ങി പരിചയപ്പെടുന്ന രചനകളിൽ സ്വന്തം അനുഭവപരിസരം ജീവിതാനുഭവങ്ങൾ സങ്കൽപ്പങ്ങൾ ഭാവന എന്നിവ ഉൾപ്പെടുത്തി സർഗാത്മകമായ കുട്ടിച്ചേർക്കലുകൾ നടത്തുക | 1 വർഷം | ഉറുദു അദ്ധ്യാപിക | |
| സർഗ്ഗ ശേഷി വികസനം | വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉള്ള കഴിവ് നേടുക. വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക | 1 വർഷം | ഉറുദു അദ്ധ്യാപിക | |

# ഉപമേഖല : അറബി

| പ്രവർത്തനം 1 – ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക/ പിന്തുണ** |
| കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം. അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ.......... വായനാ കോർണർ സ്ഥാപിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. | സെപ്റ്റംബർ -നവംബർ | | |
| അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ജൂൺ - ഡിസംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |
| അറബിക് ഫെസ്റ്റ് അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ഡിസംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |

# ഉപമേഖല : സംസ്കൃതം

## പ്രവർത്തനം 1 – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു. | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ - ഡിസംബർ | അധ്യാപിക | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കുക. വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | സെപ്റ്റംബർ -നവംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |
| സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ | കട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | ജൂൺ - ഡിസംബർ<br>ജൂൺ - ഡിസംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |
| സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ. സ്വാതന്ത്ര്യദിനം | ഔപചാരിക ക്ലബ്ബ് രൂപീകരണം സംസ്കൃത സന്ദേശം, ഒരു പ്രമുഖ വ്യക്തിയുടെ ക്ലാസ്, സംസ്കൃതം പ്രാർത്ഥന.വന്ദേമാതരാലാപനം. | ഡിസംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |
| ഭാഷാപഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. | ജൂൺ - ഡിസംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |

| ഹിന്ദി<br>മേഖല: അക്കാദമികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ.<br>സ്പോൺസർഷിപ്പ് |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വിവിധ ശേഷി കളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാച രണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ജനാധിപത്യമൂ ല്യങ്ങൾ വളർത്തിയെടു ക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപ യോഗിച്ചുള്ള വോട്ടെ ടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘ ടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യായപ കർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യ ക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുട ങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ യിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിത രണം. | ആഴ്ചയിൽ 1 തവണ | ” | - |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും<br>ഒരു വർഷം | S.S.ക്ലബ്ബ് | - |
| **ഉപമേഖല - പഠനയാത്രകൾ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |
| **ഉപമേഖല - സംവാദം, സെമിനാർ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തികം** |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ് ക്കോ ാ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം. | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |
| | 2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

| **മേഖല – അക്കാദമികം – സാമൂഹികം**<br>**ഉപമേഖല: CPTA ശക്തിപ്പെടുത്തൽ** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | – |

| **മേഖല – അക്കാദമികം – സാമൂഹികം**<br>**ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ)** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന് 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബൽ ജനുവരി മാസങ്ങളിലും | PTA, SRG | PTA<br>5000 for Refreshment |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ ് |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| **ഉപമേഖല: പരിസ്ഥിതി സംരക്ഷണം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠ പുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

| **ഉപമേഖല: ഗണിതം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാ ശയങ്ങൾ ലളിത മായി അവതരിപ്പിക്കു കയും ചെയ്യുക | ലാബ് സജ്ജീ കരണം - അവ ധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപ ങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമു റ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറ പ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടിക ളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പി ക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണ ക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗ പ്പെടുത്തി അടി സ്ഥാന ഗണിതാശയ ങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

| ഉപമേഖല: പ്രവൃത്തി പരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |
| **ഉപമേഖല: കലാരംഗം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |
| **ഉപമേഖല: ORC** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |
| **ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ. 1 വർഷം 40,000/- |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ., 50,000/- |
| | എ).ഫുട്ബോൾ ഡെ ബോർഡിംഗ് പരിശാലനം. രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |
| എയ്റോബിക് യോഗാ-ധ്യാന സമിതി | വ്യായാമ പരിശീലനത്തിനായി ആഴ്ചയിൽ ഒരു ദിവസം മാറ്റിവെയ്ക്കുന്നു എയ്റോബിക് വ്യായാമത്തിന് ഉതകുന്ന സജ്ജീകരണങ്ങളോടു കൂടിയ ഹാൾ തയ്യാറാക്കുന്നു. | | കായികാധ്യാപകൻ | |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

# മേഖല: പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

## ഉപമേഖലാ : സ്കൂൾ റേഡിയോ പ്രക്ഷേപണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ റേഡിയോ | വിദ്യാഭ്യാസ-വിനോദ ഉദ്ദേശത്തോടെ സ്കൂളിൽ റേഡിയോ പ്രക്ഷേപണം സംഘടിപ്പിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യർത്ഥി കൾക്ക് പരിശീലനം നൽകുന്നു | 2025 മുതൽ | അധ്യാപകർ | |

## ഉപമേഖല : കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ് നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺ സിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ള വരാക്കൽ. | •ആത്മവിശ്വാസം, ധൈര്യം ഇവ വർ ദ്ധിപ്പിച്ച് കുട്ടികൾ നേ രിടുന്ന വിവിധങ്ങളാ യ പ്രശ്നങ്ങൾക്ക് പരിഹാരം ക ത്തൽ. •ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷ ണം, പ്രശ്നപരിഹര ണം തുടങ്ങിയ വിവി ധ മാർഗ്ഗങ്ങൾ അവ ലംബിച്ച് കൗൺസി ലിംഗ് ഫലപ്രദമാക്ക ൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലി ങ്ങ്. | കൗൺസി ലിങ്ങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവ സവും | |

## ഉപമേഖലാ : ഹ്രസ്വ സിനിമാ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹ്രസ്വ സിനിമ | സ്കൂൾ സിനിമ യൂണിറ്റ് രൂപിക രിക്കുന്നു. പാഠ്യ പദ്ധതിയുമായി ബന്ധപ്പെട്ടതോ സാമൂഹ്യ പ്രസ ക്തമോ ആയ പ്രമേയങ്ങളുടെ അടിസ്ഥാന ത്തിൽ ഹ്രസ്വ ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നു | 2025 മുതൽ | അധ്യാപകർ | |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | • കുട്ടികളുടെ സർഗ വാസനകൾ ക ത്തുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുക.<br>• സംഗീതം, നൃത്തം, അഭിനയം, കഥാരച ന, കവിരചന, കവി താലാപനം, ഉപക രണ സംഗീതം തുട ങ്ങി വ്യത്യസ്തങ്ങ ളായ കഴിവുകളുള്ള കുട്ടികളെ ക ത്തി അവരുടെ സർഗവാ സനകൾ പരിപോഷി പ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപ കർ, | ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

## മേഖല : ലിറ്റൽ കൈറ്റ്സ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഐസിടി ടൂളുകളുടെ ശരിയായ ഉപയോഗം | ശാസ്ത്രം, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഡ്രോൺ സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗെയിമിംഗ് മൊഡ്യൂളുകൾ, ജ്യോതിശാസ്ത്രം എന്നിവയെക്കുറിച്ചുള്ള വിദ്യാഭ്യാസ, പഠന കിറ്റുകൾ LK-കളെ ഉപയോഗിച്ചു സജ്ജമാക്കുക. | LK മാസ്റ്റർ & മിസ്ട്രസ് | ജൂൺ - മാർച്ച് | |
| നമ്മുടെ നാളെ, നമ്മുടെ കൈകളിൽ. | ഐഒടി, എഐ, റോബോട്ടിക്സ്, 3D ആനിമേഷൻ തുടങ്ങിയ പുതിയ സാങ്കേതിക വിദ്യപരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക | LK മാസ്റ്റർ & മിസ്ട്രസ് | ജൂൺ - മാർച്ച് | |

## ഉപമേഖല : അടൽ ടിങ്കറിംഗ് ലാബ് (ATL)

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ജിജ്ഞാസ, സർഗ്ഗാത്മകത, ഭാവന എന്നിവ വളർത്തുക. | പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും സ്റ്റീമിന്റെ (സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, ആർട്ട്, മാത്ത്) ലോകം പര്യവേക്ഷണം ചെയ്യാൻ കൊച്ചുകുട്ടികളെ പ്രചോദിപ്പിക്കുക. | എ ടി ൽ ഇൻ ചാർജ് | ജൂൺ - മാർച്ച് | |
| യുവമനസ്സുകൾക്ക് സ്വന്തം കൈകളാൽ ചെയ്യാവുന്ന പ്രവർത്തനങ്ങളിലൂടെ അവരുടെ ആശയങ്ങൾക്ക് രൂപം നൽകുക | ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, കല, ഗണിതം എന്നിവയുടെ അത്ഭുതങ്ങൾ കണ്ടെത്താൻ ഉപകരണങ്ങളും ഉപകരണങ്ങളും ഉപയോഗിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക | എ ടി ൽ ഇൻ ചാർജ് അദ്ധ്യാപകർ | ജൂൺ - മാർച്ച് | |
| കുട്ടി ശാസ്ത്രജ്ഞൻമാരെയും ഗവേഷകരെയും കണ്ടെത്തുക | മത്സരങ്ങൾ, പ്രദർശനങ്ങൾ, വർക്ക്ഷോപ്പുകൾ, പ്രഭാഷണ പരമ്പരകൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിൽ കണ്ടുപിടുത്തം വളർത്തുക. | എ ടി ൽ ഇൻ ചാർജ് അദ്ധ്യാപകർ | ജൂൺ - മാർച്ച് | |

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>•കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിവോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.,<br>ഡെ ബോർഡിംഗ് സ്കീം |

## ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ,തായ്ക്വോണ്ടോ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | കായികാധ്യാപകൻ | ആഴ്ചയിൽ 3 ദിവസം 1 വർഷം | പി.ടി.എ.<br>20,000/- |

## പ്രതീക്ഷിത നേട്ടങ്ങൾ

+ ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ്സ്മുറികളും അന്താരാഷ്ട്രനിലവാരമുള്ള സ്കൂളും

+ ആധുനികസൗകര്യങ്ങളോടു കൂടിയ ലാബും ഡിജിറ്റൽലൈബ്രറിയും.

+ പാഠ്യ, പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽഉന്നതനിലവാരം പുലർത്തുന്നകുട്ടികൾ.

+ മികച്ച പരിശീലനം നേടിയതും ഉന്നതനിലവാരം പുലർത്തുന്നതുമായ അദ്ധ്യാപകർ.

+ മദ്യം, മയക്കുമരുന്ന്. പ്ലാസ്റ്റിക്, കീടനാശിനികൾ എന്നിവയ്ക്കെതിരേ പോരാടുന്ന വിദ്യാർത്ഥിസമൂഹം.

+ ജീവിത നൈപുണികൾ ആർജിച്ചതും ക്ഷമതയുള്ളതുമായ വിദ്യാർത്ഥികൾ.

+ മാനസികശാരീരിക വ്യക്തിശുചിത്വമുള്ള തലമുറകൾ.

+സാമൂഹ്യസേവനം പരിസ്ഥിതിബോധതൽക്കണം,ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ കടമയായി കാണുന്ന വിദ്യാർത്ഥി സമൂഹം

+ നവമാധ്യമങ്ങള ഗുണദോഷവശങ്ങൾതിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയു ചെയ്യുന്ന സമൂഹം

+ പ്രാദേശിക അറിവുകൾ കണ്ടെത്തുകയും കൃഷി , മാലിന്യ നിർമ്മാർജനം എന്നിവ സംസ്കാരമായി കാണുന്ന വിദ്യാർത്ഥി സമൂഹം

+ നിയമങ്ങൾ അനുസരിക്കുന്നതിൽ അഭിമാനം കൊള്ളുന്ന സമൂഹം

൭

കായംകുളം ശ്രീ വിഠോബ ഹൈസ്കൂളിൻറെ അക്കാദമികവും ഭൗതികവും സമഗ്രവുമായ മികവ് ലക്ഷ്യമിട്ടുകൊണ്ട് വിഭാവനം ചെയ്ത പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിട്ടുള്ളത്. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ, സമ്പൂർണ്ണ വിദ്യാഭ്യാസ പുരോഗതി സാധ്യമാക്കുന്ന തരത്തിൽ മികവുള്ളതും ദേശീയോന്മുഖവും ആയ വിദ്യാഭ്യാസം നൽകാൻ ഇവ പ്രവർത്തിപഥത്തിലെത്തുമ്പോൾ സാധിതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്കൂൾ മാനേജ്മെന്റിന്റെയും രക്ഷാകർതൃസമിതിയുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും ഹെഡ്മിസ്ട്രസ്സിന്റെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം ഒരോ പ്രവർത്തനങ്ങളുടെയും  വിജയകരമായ സാക്ഷാത്കാരത്തിനായി ഉണ്ടാകുമെന്ന ആത്മ വിശ്വാസത്തോടെ, ഇക്കാലമത്രയും ഈ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായി നിന്ന പൊതു സമൂഹത്തിന്റെ സഹായസഹകരണങ്ങൾ തുടർന്നുമുണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ അക്കാദമിക പ്ലാൻ ഉപസംഹരിക്കുന്നു.